"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ഈഞ്ചക്കൽ-ശ്രീവരാഹം-അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28 (എ) പ്രകാരമുള്ള അവാർഡ് തുക കക്ഷികളായ ശ്രീമതി എസ്. ഗീതകുമാരി & ശ്രീമതി എസ്. ബിന്ദുകുമാരി എന്നിവർക്ക് '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1044/2025/LSGD തീയതി, തിരുവനന്തപുരം, 25-04-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.58/2009 നമ്പർ കേസിന്മേലുള്ള 09/10/2018 തീയതിയിലെ വിധിന്യായം.
2. സ.ഉ.(പി)നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 20/02/2025 തീയതിയിലെ കെ16-196147/19 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 06/03/2025-ലെ എസ്1/909/2021/ടിഡ (1) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ -ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി, എൽ.എ.സി 78/07 പ്രകാരം, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻഉടമകളായ ശ്രീമതി എസ്. ബിന്ദുകുമാരി & ശ്രീമതി എസ്. ഗീതാകുമാരി എന്നിവർ പൊന്നുംവില നിയമം 1894, സെക്ഷൻ 28 (എ) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ 2,65,827/- രൂപ (രണ്ട് ലക്ഷത്തി അറുപത്തിയഞ്ചായിരത്തി എണ്ണൂറ്റിഇരുപത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചക്കൽ - ശ്രീവരാഹം - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി, എൽ.എ.സി 78/2007 പ്രകാരം, തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നം. 2063 (L.A.Re.Sy.No.2063/19)-ൽപ്പെട്ടതും ശ്രീമതി എസ്. ബിന്ദുകുമാരി &

ശ്രീമതി എസ്. ഗീതാകുമാരി എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 00.10 ആർ. സ്ഥലം ഏറ്റെടുത്തിരുന്നതിന് ശ്രീമതി എസ്. ബിന്ദുകുമാരി & ശ്രീമതി എസ്. ഗീതാകുമാരി എന്നിവർ പൊന്നുംവില നിയമം 1894, സെക്ഷൻ 28എ നിയമപ്രകാരമുള്ള അപേക്ഷ സമർപ്പിച്ചിരുന്നതിന്മേൽ തിരു. ജില്ലാ കളക്ടർ പാസ്സാക്കിയിട്ടുള്ള അവാർഡ് തുകയായ 2,65,827/- രൂപ (രണ്ട് ലക്ഷത്തി അറുപത്തിയഞ്ചായിരത്തി എണ്ണൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ശ്രീമതി എസ്. ബിന്ദുകുമാരി (റ്റി.സി.36/1478 മാർത്താണ്ഡം കുഴി വീട്, ശ്രീവരാഹം, തിരുവനന്തപുരം) & ശ്രീമതി എസ്. ഗീതാകുമാരി (റ്റി.സി.36/1478 മാർത്താണ്ഡംകുഴി വീട്, ശ്രീവരാഹം, തിരുവനന്തപുരം) എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നിസ്സാം എസ് എ**

**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി എസ്. ബിന്ദുകുമാരി, റ്റി.സി.36/1478 മാർത്താണ്ഡംകുഴി വീട്, ശ്രീവരാഹം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി എസ്. ഗീതാകുമാരി, റ്റി.സി.36/1478 മാർത്താണ്ഡംകുഴി വീട്, ശ്രീവരാഹം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/87/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 26-04-2025 16:36:33
സെക്ഷൻ ഓഫീസർ